19.03.23 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 25-01-1994

# ബ്രാഹ്മണരുടെ സ്വഭാവം വിശേഷതയുടെ സ്വഭാവമാണ്- ഇതിനെ സ്വഭാവിക സ്മൃതി സ്വരൂപമാക്കൂ

ഇന്ന് ബാപ്ദാദ തന്റെ വിശ്വത്തിലെ സർവ്വ വിശേഷ ആത്മാക്കളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ഡ്രാമയനുസരിച്ച് നിങ്ങൾ ആത്മാക്കളുടെ എത്രയോ വിശേഷ പാർട്ടാണ് അടങ്ങിയിരിക്കുന്നത്. ഇന്ന് ബാപ്ദാദ ഓരോ കുട്ടിയുടെയും വിശേഷതകളെ കണ്ട് ഹർഷിതമായി കൊണ്ടിരിക്കുന്നു. ഓരോ കുട്ടിയെ കണ്ട് - ആഹാ കുട്ടി- എന്ന സ്നേഹത്തിന്റെ ഗീതം ഹൃദയത്തിൽ മുഴങ്ങി കൊണ്ടിരിക്കുകയായിരുന്നു. അതോടൊപ്പം ഇതും കണ്ടു കൊണ്ടിരിക്കുകയായിരുന്നു- കുട്ടികളുടെ ഹൃദയത്തിൽ നിന്നും ആഹാ ആഹാ എന്ന ഗീതം സദാ മുഴങ്ങുന്നുണ്ടോ എന്ന്. ഓരോ കർമ്മത്തിൽ ഓരോ ചുവടിൽ ഓരോ സങ്കല്പ ത്തിൽ ഈ ശ്രേഷ്ഠ അനുഭവം ഉണ്ടാകുന്നുണ്ടോ അതോ ഇടയ്ക്കിടയ്ക്കാണോ ഉണ്ടാകുന്നത്? സാധാ രണ ജീവിതത്തിൽ നിന്നും വിശേഷ ജീവിതം സദാ സ്വതവേ തോന്നുന്നുണ്ടോ? അതോ സ്മൃതിയിൽ കൊണ്ടു വരുമ്പോഴാണോ അനുഭവപ്പെടുന്നത്? ജീവിതത്തിന്റെ അർത്ഥം തന്നെ സദായും സ്വതവേയുമാ യിരിക്കണം. സ്മൃതിയിൽ കൊണ്ടു വന്നുവെങ്കിൽ അനുഭവിച്ചു, സ്മൃതിയിലില്ലായെങ്കിൽ വിശേഷതയ്ക്ക് പകരം സാധാരണ ജീവിതം അനുഭവപ്പെടുന്നു- ഇത് നിങ്ങൾ വിശേഷ ആത്മാക്കളുടെ വിശേഷതയല്ല. ബ്രാഹ്മണ ജന്മം തന്നെ വിശേഷ ജന്മമാണ്. ജന്മം തന്നെ വിശേഷമാകുമ്പോൾ അവരുടെ ജീവിതമെന്താ യിരിക്കും? വിശേഷമായിരിക്കുമോ അതോ സാധാരണമാണോ? ബ്രാഹ്മണ ജന്മവും ശ്രേഷ്ഠം, ബ്രാഹ്മണ ധർമ്മവും ശ്രേഷ്ഠം, ബ്രാഹ്മണ കർമ്മവും ശ്രേഷ്ഠം കാരണം ബ്രാഹ്മണ ജന്മത്തിന്റെ ദാതാവ്, ബ്രാഹ്മണ ധർമ്മ സ്ഥാപകൻ, സർവ്വ ശ്രേഷ്ഠ പരമമായ ആത്മാവ്, ആദി ആത്മാവ് ബ്രഹ്മാബാബയാണ്. അതിനാൽ രചയിതാവ് സർവ്വ ശ്രേഷ്ഠമാണ് അപ്പോൾ രചനയും സർവ്വ ശ്രേഷ്ഠം അർത്ഥം വിശേഷമാണ്. ബ്രാഹ്മ ണരുടെ കർമ്മം എന്ത് കൊണ്ട് വിശേഷമാണ്? കാരണം കർമ്മത്തിൽ അനുകരിക്കുന്നതിന് നിങ്ങൾ സർവ്വ രുടെയും മുന്നിൽ ആദി ആത്മാവ് ബ്രഹ്മാ ബാബ സാംപിളാണ്. കർമ്മത്തിൽ സാകാര ബ്രഹ്മാബാബയെ യാണ് അനുകരിക്കുന്നത് അതിനാൽ ഭാഗ്യ വിദാതാവ് അർത്ഥം കർമ്മത്തിലൂടെ ഭാഗ്യത്തിന്റെ രേഖയെ ശ്രേഷ്ഠമാക്കുന്ന ബ്രഹ്മാവിന് മഹിമയുള്ളത്. ഭാഗ്യത്തിന്റെ രേഖയുടെ തൈ കർമ്മമാണ്. അതിനാൽ ശ്രേഷ്ഠ കർമ്മത്തിന്റെ സഹജമായ ചിഹ്നം ബ്രഹ്മാബാബയാണ് അതിനാൽ നിങ്ങളെല്ലാവരും വിശേഷിച്ച് പുരുഷാർത്ഥത്തിന്റെ ശബ്ദം ഇത് തന്നെയാണ് വർണ്ണിക്കുന്നത്- ബാബയ്ക്ക് സമാനമാകണം എന്ന്.

ഈ അവ്യക്ത വർഷത്തിൽ സർവ്വരുടെയും ലക്ഷ്യം എന്തായിരുന്നു? നിരാകാരി സ്ഥിതിയിൽ നിരാകാരനായ ബാബയ്ക്ക് സമാനം അശരീരി സ്ഥിതിയുടെ അനുഭവം ചെയ്തോ? സാകാര കർമ്മ ത്തിൽ ബ്രഹ്മാബാബയ്ക്ക് സമാനമാകുന്നത് നമ്പർവാർ അനുഭവം ചെയ്തോ? അതിനാൽ വിശേഷ ജീവി തത്തിന്റെ ആധാരം വിശേഷ ജന്മം, ധർമ്മം, ശ്രേഷ്ഠ കർമ്മമാണ്. ലൗകീക ജീവിതത്തിലും ഏതെങ്കിലും ആത്മാവിന്റെ ജന്മം വിശേഷിച്ച് രാജ്യ കുടുംബത്തിലാണ്, രാജകുമാരനാണ്, രാജകുമാരിയാണ് എങ്കിൽ ഈ വിശേഷത ജന്മനാ ഉള്ളത് കാരണം സദായും സ്വതവേ സ്മൃതിയിലുണ്ടാകുമല്ലോ അതോ അടിക്കടി സ്മൃതിയിൽ കൊണ്ടു വരണോ - ഞാൻ രാജകുമാരിയാണ് എന്ന്? സഹജമായി ഓർമ്മ വരുന്നില്ലേ. പുരു ഷാർത്ഥം ചെയ്യുന്നുണ്ടോ? തന്റെ രുചിക്കനുസരിച്ചുള്ള കർമ്മം എത്ര തന്നെ സാധാരണമാണെങ്കിലും തന്റെ ജന്മത്തിന്റെ വിശേഷത മറന്നു പോകുമോ? നാച്ചുറലും നേച്ചറുമായി തീരുന്നു. അതിനാൽ നിങ്ങൾ ബ്രാഹ്മണാത്മാക്കളുടെ നേച്ചർ എന്താണ്? വിശേഷമാണോ അതോ സാധാരണമാണോ? ഇപ്പോഴും ചില കുട്ടികൾ സാധാരണ കർമ്മം ചെയ്യുമ്പോൾ ബാപ്ദാദായുടെ മുന്നിൽ സ്വയത്തെ നിർദോഷിയാണെന്ന് തെളിയിക്കുന്നതിനായി എന്ത് പറയുന്നു? ഞാൻ ആഗ്രഹിച്ചിരുന്നില്ല ഈ കർമ്മം ചെയ്യണം എന്ന് എന്നാൽ എന്റെ നേച്ചർ ഇങ്ങനെയായത് കൊണ്ട് സംഭവിച്ചു പോയി. ഇങ്ങനെ ചിന്തിക്കുന്നതും പറയുന്നതും യഥാർത്ഥമാണോ? ഞാൻ ആര്? ബ്രാഹ്മണ ജീവിതം നയിക്കുന്നവരല്ലേ. അപ്പോൾ ബ്രാഹ്മണ ജീവിതം നയിക്കുന്ന ആത്മാവിന് ഇതെന്റെ നേച്ചറാണെന്ന് ചിന്തിക്കാൻ സാധിക്കുമോ? ഇങ്ങനെ പറയുന്നത് ശരി യാണോ? അപ്പോൾ ആ സമയത്ത് എന്ത് കൊണ്ട് പറയുന്നു? ആ സമയത്ത് ബ്രാഹ്മണനല്ല പറയുന്നത്, മായയാണ് പറയുന്നത്. ഈ സാധാരണ നേച്ചർ അഥവ മായാവി നേച്ചർ നാച്ചുറലായി പ്രവർത്തിക്കുന്നി ല്ലേ, അതിനാൽ പറയുന്നു ആഗ്രഹിച്ചിരുന്നില്ല എന്നാൽ സംഭവിച്ചു. അപ്പോൾ ബ്രാഹ്മണ നേച്ചർ അർത്ഥം വിശേഷതയുടെ നേച്ചറും നാച്ചുറലായിരിക്കണോ അതോ ഇടയ്ക്ക് മറക്കണം, ഇടയ്ക്ക് ഓർമ്മയുണ്ടാ കണോ? അതു കൊണ്ട് സദാ സ്മൃതി സ്വരൂപത്തിലിരിക്കൂ. സ്മൃതി കൊണ്ടു വരുന്നവരല്ല, സ്മൃതി സ്വരൂ പം അതിനാൽ ബാപ്ദാദ കണ്ടു കൊണ്ടിരിക്കുകയായിരുന്നു അവ്യക്തം അർത്ഥം ഫരിസ്ഥ സ്വരൂപമാ കണം ആക്കണം. സർവ്വരും ഇതേ ലക്ഷ്യം വച്ചിരുന്നില്ലേ, എന്നിട്ടും റിസൾട്ടെന്തായി? സ്വയത്തെ ചെക്ക് ചെയ്തോ? ഫരിസ്ഥാ ഭവ എന്ന വരദാനവും വരദാതാവിൽ നിന്നും ലഭിച്ചു അപ്പോൾ വരദാനവും ലക്ഷ്യ

വും– രണ്ടിന്റെയും സ്മൃതിയിലൂടെ എത്ര മാത്രം സഫലത അനുഭവം ചെയ്തു, ഈ സൂക്ഷ്മ ചെക്കിംഗ് സ്വയം ചെയ്തോ? അതോ ഇങ്ങനെ ചിന്തിച്ചുവോ– അവ്യക്ത വർഷം പൂർത്തിയായി എന്ന്, യഥാശക്തി എത്രത്തോളം അനുഭവം ചെയ്തുവോ അത്രയും തന്നെ ഡ്രാമയനുസരിച്ച് ശരിയായിട്ടായിരുന്നോ? വർഷത്തിന്റെ പരിവർത്തനത്തിനോടൊപ്പം സ്വ പരിവർത്തനത്തിന്റെ ഗതിയെന്തായി– ഈ വിധിയിലൂടെ ചെക്ക് ചെയ്തോ? വർഷം സമാപ്തമായി അതേപോലെ സ്വയം ലക്ഷ്യവും ലക്ഷണവും ഇതിലും സമ്പന്നമാകണം അതോ ഈ വർഷത്തിൽ ആയി തീരും എന്നാണോ ചിന്തിക്കുന്നത്. സമയവും സ്വയത്തിന്റെ ഗതിയും സമാനമാണോ? സമയത്തേക്കാൾ സ്വയത്തിന്റെ ഗതി തീവ്രമാകണം കാരണം സമാപ്തിയുടെ സമയത്തെ കൊണ്ടു വരുന്നതിന് നിമിത്തം നിങ്ങൾ വിശേഷാത്മാക്കളാണ്. തീവ്ര ഗതിയിലൂടെ വർഷം സമ്പന്നമായി. വർഷം എങ്ങനെ പൂർത്തിയായിയെന്ന് അറിഞ്ഞുവല്ലോ? അതിനാൽ ചെക്ക് ചെയ്യൂ– വിശേഷാത്മാവായ എന്റെ പരിവർത്തനത്തിന്റെ ഗതി തീവ്രമാണോ അതോ ഇടയ്ക്ക് തീവ്രം, ഇടയ്ക്ക് മദ്ധ്യം? ഫരിസ്ഥ അർത്ഥം പഴയ സംസ്ക്കാരം, പഴയ ലോകവുമായി ബന്ധമില്ല. അപ്പോൾ ചെക്ക് ചെയ്യൂ– പഴയ ലോകത്തിലെ ഏതൊരു ആകർഷണവും, സംബന്ധത്തിന്റെ രൂപത്തിലാകട്ടെ, തന്റെ ദേഹത്തിന്റെ നേർക്കുള്ള ആകർഷണം അഥവാ ഏതൊരു ദേഹധാരി വ്യക്തിയുടെ നേർക്കുള്ള ആകർഷണം, ഏതെങ്കിലും വസ്തുവിന്റെ നേർക്കുള്ള ആകർഷണം എത്ര ശതമാനത്തിൽ ഉണ്ടായിരുന്നു? അതേപോലെ പഴയ സംസ്ക്കാരത്തിന്റെ ആകർഷണം, സങ്കല്പത്തിന്റെ രൂപത്തിലാകട്ടെ, മനോഭാവനയുടെ രൂപത്തിലാകട്ടെ, വാക്കുകളുടെ രൂപത്തിലാകട്ടെ, സംബന്ധ–സമ്പർക്കം അർത്ഥം കർമ്മത്തിന്റെ രൂപത്തിൽ എത്ര ശതമാനം ഉണ്ടായിരുന്നു? ഫരിസ്ഥ അർത്ഥം ഡബിൾ ലൈറ്റ്. അതിനാൽ ലൈറ്റ് സ്വരൂപം സ്മൃതി സ്വരൂപത്തിൽ എത്രത്തോളം ഉണ്ടായിരുന്നു? അതോടൊപ്പം ലൈറ്റ് അർത്ഥം ഭാരരഹിതം, സ്വ പരിവർത്തനത്തിന്റെ പുരുഷാർത്ഥത്തിൽ എത്രത്തോളം ലൈറ്റ് അർത്ഥം ഭാര രഹിതമായിരുന്നു? മനസ്സ് അർത്ഥം സങ്കല്പ ശക്തിയിൽ വ്യർത്ഥത്തെ സമർത്ഥത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിൽ അർത്ഥം വ്യർത്ഥത്തിന്റെ ഭാരത്തെ ലൈറ്റാക്കുന്നതിൽ എത്രത്തോളം സഫലമായിരുന്നു? ഇപ്രകാരം വ്യർത്ഥമായ സമയം, വ്യർത്ഥമായ കൂട്ട്ക്കെട്ട്, വ്യർത്ഥമായ അന്തരീക്ഷം– ഇവയിൽ എത്രത്തോളം പരിവർത്തനം കൊണ്ടു വരുന്നതിൽ ഭാര രഹിതമായിരുന്നു? ബ്രാഹ്മണ പരിവാരത്തിന്റെ സംബന്ധത്തിൽ, സേവനത്തിന്റെ സംബന്ധത്തിൽ എത്രത്തോളം ഭാര രഹിതമായിരുന്നു? ഇതിനെയാണ് പറയുന്നത് തീവ്ര ഗതിയുടെ ഫരിസ്ഥാ സ്ഥിതി. ഈ വിധിയിലൂടെ ചെക്ക് ചെയ്യൂ, ഭാവിയിലേക്ക് പരിവർത്തനം കൊണ്ടു വരൂ. തന്റെ ബ്രാഹ്മണ ജന്മത്തിന്റെ വിശേഷതയെ നാച്ചുറൽ നേച്ചറാക്കണം ഇതിനെ തന്നെയാണ് സഹജമായ പുരുഷാർത്ഥം എന്നു പറയുന്നത്. കേവലം ഞാൻ വിശേഷ ആത്മാവാണ്– ഈ സ്മൃതി സ്വരൂപത്തിൽ സ്ഥിതി ചെയ്യൂ എങ്കിൽ ബാബയ്ക്ക് സമാനമാകുക വളരെ സഹജമായി അനുഭവം ചെയ്യും കാരണം സ്മൃതി സ്വരൂപം തന്നെ സമർത്ഥി സ്വരൂപമായി മാറുന്നു. വർഷം പൂർത്തിയായി. ബാപ്ദാദ റിസൾട്ട് നോക്കും. അതിനാൽ റിസൾട്ടിൽ യഥാശക്തിയായി ഭൂരിപക്ഷമുണ്ട്, സദാ ശക്തിശാലിയാണ്, യഥാശക്തിയുടെ ഭൂരിപക്ഷത്തിൽ അത് ന്യൂനപക്ഷമാണ്.

സ്മൃതി ദിവസവും വളരെ സ്നേഹത്തോടെ ആഘോഷിച്ചു. ഇപ്പോൾ വിശേഷിച്ച് സ്നേഹത്തോടെ ആഘോഷിച്ച പോലെ സ്നേഹത്തിന്റെ തെളിവ് ബാബയ്ക്ക് സമാനം സ്മൃതി സ്വരൂപരാകുക തന്നെ വേണം. റിസൾട്ട് കേട്ടോ? മുന്നോട്ടെന്ത് ചെയ്യണം? യഥാശക്തിയാണോ അതോ സദാ ശക്തി സ്വരൂപമാണോ? അപ്പോൾ നോക്കാം ഈ വർഷത്തിൽ ഭൂരിപക്ഷം പേരും സദാ ശക്തിശാലിയുടെ തെളിവ് എത്രത്തോളം നല്കുന്നുവെന്ന്? ടീച്ചേഴ്സ് എന്താണ് മനസ്സിലാക്കുന്നത്? ഏത് ലൈനിൽ വരും? സദാ ശക്തിശാലി! സർവ്വരുടെയും ഫോട്ടോ ടി. വി യിൽ വന്നു കൊണ്ടിരിക്കുന്നു. എന്ത് സംഭവിച്ചാലും, എങ്ങനെയുള്ള പരിതസ്ഥിതി ഉണ്ടായാലും സദാ ശക്തിശാലി. പേര് നോട്ട് ചെയ്യുന്നുണ്ടല്ലോ ആരെല്ലാം ഏത് ഗ്രൂപ്പിൽ വന്നിരിക്കുന്നുവെന്ന്. ഇപ്പോൾ ടീച്ചേഴ്സിന്റെ സമ്മേളനം നടക്കാൻ പോകുന്നു. സർവ്വ ടീച്ചേഴ്സിന്റെയും അത് വരെയുള്ള റിസൾട്ട് എന്തായിരിക്കും? ആർക്കാണോ ചെയ്യണം എന്നുള്ളത് അവർ എപ്പോഴെങ്കിലും ചെയ്യാം എന്ന് ചിന്തിക്കില്ല, ദൃഢ സങ്കല്പത്തിന്റെ അർത്ഥമാണ് ഇപ്പോൾ. സാധാരണ സങ്കല്പത്തിന്റെ അർത്ഥമാണ് എപ്പോഴെങ്കിലും ആകും എന്ന്. അതിനാൽ എപ്പോഴെങ്കിലും ചെയ്യുന്നവരാണോ അതോ ഇപ്പോൾ ചെയ്യുന്നവരാണോ? ശക്തി സൈന്യം വളരെ വലിയ സൈന്യമാണ്. എപ്പോഴെങ്കിലും ചെയ്യും എന്നവരാണോ അതോ ഇപ്പോൾ ചെയ്യുന്നവരാണോ? പാണ്ഡവർ എന്ത് മനസ്സിലാക്കുന്നു? നോക്കൂ എല്ലാവരുടെയും പേര് നോട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ പേര് കേൾപ്പിക്കുന്നില്ല അവസാനം പേര് കേൾപ്പിക്കുന്ന ആ സമയവും വരും. മനസ്സിലായോ!

ഏറ്റവും കൂടുതൽ സംഖ്യ ഏത് സോണിൽ നിന്നാണ് വന്നിരിക്കുന്നത്? നോക്കാം, പഞ്ചാബ്, ഇന്തോർ എന്ത് അത്ഭുതം കാണിക്കുന്നുവെന്ന്? ടീച്ചേഴ്സും കൂടുതൽ വരുന്നു, സംഖ്യ കൂടുതലാകുമ്പോൾ ടീച്ചേഴ്സും കൂടുതൽ ഉണ്ടാകുന്നു. പഞ്ചാബിലുള്ളവർ നമ്പർവൺ ആകുമോ അതോ സെക്കന്റാകുമോ? ഇന്തോറും നമ്പർവൺ എടുക്കില്ലേ? കർണ്ണാടകയിലുള്ളവർ എന്ത് ചെയ്യും? ഏതൊരു നാടകം

കാണിക്കും? കർ–നാടക്, അപ്പോൾ വജ്രത്തിന്റെ നാടകം കളിക്കണം, അതുമിതുമല്ല കളിക്കേണ്ടത്. മഹാരാഷ്ട്ര മഹാനായി തീരില്ലേ? യു പി യെ എന്ത് പറയുന്നു? യു പി യിൽ നദികൾ ഉണ്ട് അർത്ഥം യു പി പതിതരെ പാവനമാക്കുന്നതാണ്. പാവനമാകുന്നതിലും ആക്കുന്നതിലും നമ്പർവൺ അപ്പോൾ യു പി യിലുള്ളവരും നമ്പർ വൺ ആകും. ഈ സമയത്ത് ആരും നമ്പർ ടു എന്ന് പറയില്ല. രാജധാനി ലക്കിയാണ്, രാജസ്ഥാനിൽ തന്നെ ചരിത്ര ഭൂമിയാണ്. മുഖ്യ ആസ്ഥാനം രാജസ്ഥാനിലല്ലേ. ഹെഡ് ക്വർട്ടർ ഉള്ളയിടം എന്തായി മാറും? ഹെഡാകുമല്ലോ. സർവ്വരും സന്തോഷത്തോടെ പറഞ്ഞു കൊണ്ടിരിക്കുന്നു നമ്പർവൺ എന്നാൽ അവിടെ പോയി ഇങ്ങനെ പറയരുത്– എന്ത് ചെയ്യാം....ചെയ്യാൻ സാധിക്കുന്നില്ല... ആഗ്രഹിച്ചില്ലായിരുന്നു...എന്നാൽ സംഭവിച്ചു പോകുന്നു. ...ഇങ്ങനെയുള്ള ഭാഷ ചിന്തിക്കാനേ പാടില്ല. ശരി, ഡബിൾ വിദേശികളും സേവനത്തിൽ നന്നായി മത്സരിച്ചു കൊണ്ടിരിക്കുന്നു, മത്സരത്തിൽ നമ്പർവൺ ആകണ്ടേ. ദേശത്തുള്ളവർക്ക് ധൈര്യം നല്കുന്നതിൽ വിദേശം വളരെ നന്നായി നിമിത്തമായി. ഈ ധൈര്യം നല്കുന്നത് കാരണം എക്സ്ട്രാ സഹായവും ലഭിക്കുന്നു. മനസ്സിലായോ. ഇതിനെ സ്മൃതിയിൽ വച്ച് സഹജമായി മുന്നോട്ട് പോകൂ മറ്റുള്ളവരെയും മുന്നോട്ടുയർത്തൂ. ശരി.

നാല് ഭാഗത്തുമുള്ള സർവ്വ വിശേഷ ആത്മാക്കൾക്ക്, സദാ സാകാര ബ്രഹ്മാ ബാബയുടെ ശ്രേഷ്ഠതയെ അനുകരിക്കുന്ന കർമ്മയോഗി ആത്മാക്കൾക്ക്, സദാ വിശേഷതയെ നാച്ചുറലും നേച്ചറുമാക്കുന്ന കോടിയിൽ ചിലരായ ആത്മാക്കൾക്ക്, സദാ ദൃഢ സങ്കല്പത്തിലൂടെ വിശേഷ ജന്മം, ധർമ്മം, കർമ്മത്തിന്റെ സ്മൃതി സ്വരൂരായ ആത്മാക്കൾക്ക് ബാപ്ദാദായുടെ വിശേഷ സമ്പന്നമായ സ്നേഹ സ്മരണയും നമസ്തേ.

ദാദിമാരുമായുള്ള മിലനം– നിങ്ങൾ ബ്രാഹ്മണർ എത്രത്തോളം സമ്പന്നരായി മാറുന്നുവൊ അത്രത്തോളം ഭാവിയിൽ പ്രകൃതിയും ഉന്നതി പ്രാപ്തമാക്കും കാരണം പ്രകൃതി സമയത്തിനനുസരിച്ച് തന്റെ സിഗ്നൽ കാണിച്ചു കൊണ്ടിരിക്കുന്നു. എത്രത്തോളം പ്രകൃതിയുടെ ചഞ്ചലതയുണ്ടാകുന്നുവൊ അത്രയും അചഞ്ചല സ്ഥിതി പ്രകൃതിയെ പരിവർത്തനപ്പെടുത്തും. എത്രയോ ആത്മാക്കൾ സമയത്തിനനുസരിച്ച് ദുഃഖത്തിന്റെ അലകളിൽ വരുന്നു. അതിനാൽ അങ്ങനെയുള്ള ദുഃഖിതരായ ആത്മാക്കളുടെ ആശ്രയം ബാബയും നിങ്ങളുമാണ്. അപ്പോൾ ദയ വരുന്നില്ലേ. വാർത്ത കേൾക്കുമ്പോൾ ഹൃദയത്തിൽ എന്ത് ഉണ്ടാകുന്നു? നഥിംഗ് ന്യൂ, തന്റെ അചഞ്ചലമായ സ്ഥിതിക്ക് ശരിയാണ് എന്നാൽ പ്രകൃതിയുടെയും ചഞ്ചലതയിൽപ്പെട്ട് ആത്മാക്കൾ നിലവിളിക്കുമ്പോൾ ആരെയാണ് വിളിക്കുന്നത്? ദയ യാചിക്കുമ്പോൾ നിങ്ങൾക്ക് അവരുടെ മേൽ ദയ തോന്നുന്നില്ലേ. ഈ ചെറിയ ചെറിയ ആപത്തുക്കൾ കൂടുതൽ വിഷമിപ്പിക്കുന്നു. ബ്രാഹ്മണർ സമ്പന്നരാകുമ്പോൾ ദുഃഖത്തിന്റെ ലോകം സമ്പന്നമാകും. അപ്പോൾ ദയ തോന്നുന്നോ ഇല്ലയോ? ദയ തോന്നുമ്പോൾ പിന്നെയെന്ത് ചെയ്യുന്നു? എന്നാലും ഈശ്വരീയ പരിവാരത്തിലേതല്ലേ. അതിനാൽ പരിവാരത്തിലേ ഏതൊരു ദുഃഖത്തെയും സുഖത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള സങ്കല്പം വരുന്നില്ലേ. പരിവാരത്തിൽ ആരെങ്കിലും രോഗിയാണെങ്കിൽ സങ്കല്പം ഉണ്ടാകുന്നില്ലേ? വേഗം സുഖം പ്രാപിക്കണം എന്ന്. അതിനാൽ നിലവിളിച്ച് നിലവിളിച്ച് മരിക്കണോ അതോ ഒറ്റയടിക്ക് പരിവർത്തനപ്പെടണോ, വ്യത്യാസമില്ലേ. മഹാവിനാശവും, റിഹേഴ്സലിന്റെ വിനാശവും, വ്യത്യാസമുണ്ട്. മഹാവിനാശം അർത്ഥം മഹാൻ പരിവർത്തനം. അതിന് നിമിത്തം നിങ്ങളാണ്. സമ്പന്നമാകുമ്പോൾ സമാപ്തിയുണ്ടാകുന്നു. പരവശരായവർ മനസ്സിലാക്കുന്നു പ്രത്യക്ഷതയുടെ കർട്ടൺ തുറക്കണം എന്ന്, എന്നാൽ സ്റ്റേജിൽ വരുന്ന ഹീറോ ആക്ടർ സമ്പന്നമായി തയ്യാറാകണ്ടേ, അപ്പോഴാണ് കർട്ടൺ തുറക്കപ്പെടുന്നത് അതോ പകുതിയിൽ തുറക്കുമോ? പരിവർത്തനത്തിന്റെ ശുഭ ഭാവനയെ തീവ്രമാക്കണം അർത്ഥം സ്വയത്തെ തീവ്ര ഗതിയിലൂടെ സമ്പന്നമാക്കണം. നിങ്ങളും ഇടയ്ക്ക് ഇങ്ങനെ ഇടയ്ക്ക് അങ്ങനെയാകുമ്പോൾ പ്രകൃതിയും ഇടയ്ക്ക് വളരെ തീവ്ര ഗതിയിലൂടെ കാര്യം ചെയ്യുന്നു, ഇടയ്ക്ക് തണുപ്പൻ മട്ടാകുന്നു. അതിനാൽ ഇപ്പോൾ എന്ത് ചെയ്യണം? ദയാ ഭാവനയെ ഇമർജ്ജ് ചെയ്യൂ, സ്വയത്തെ പ്രതിയാകട്ടെ, സർവ്വാത്മാക്കളെ പ്രതിയാകട്ടെ. ഉണ്ടാകുന്നില്ലേ. അലകളെ വ്യാപിപ്പിക്കൂ. ദയാ ഭാവനയിലൂടെ വിഘ്നവും സഹജമായി തന്നെ സമാപ്തമാകും. ദയയുള്ളയിടത്ത് എന്റെ നിന്റെ എന്ന ചഞ്ചലതയുണ്ടാകില്ല. പൂജനീയ സ്വരൂപം, ദയാ രൂപത്തിന്റെ ധാരണ ചെയ്യൂ. ശരിയല്ലേ. ഇപ്പോൾ ഈ അലകൾ വ്യാപിപ്പിക്കൂ. ഓരോ സങ്കല്പത്തിലും ദയാസ്വരൂപം. സങ്കല്പത്തിലുണ്ടെങ്കിൽ വാക്കിലും കർമ്മത്തിലും സ്വതവേയുണ്ടാകും. സർവ്വരും വിളിക്കുന്നതെങ്ങനെയാണ്? ദയ–ദയ. ശരി.

അവ്യക്ത ബാപ്ദാദായുടെ വ്യക്തിപരമായ മിലനം– മായയുടെ നിഴലിൽ നിന്നും മുക്തമാകുന്നതിനുള്ള സാധനമാണ് ബാബയുടെ ഛത്രച്ഛായ

സദാ സ്വയത്തെ ബാപ്ദാദായുടെ ഛത്രച്ഛായക്കുള്ളിലിരിക്കുന്ന സദാ സുരക്ഷിതരായ ആത്മാക്കളാണെന്ന അനഭവം ചെയ്യുന്നുണ്ടോ? സദാ ഛത്രച്ഛായയുണ്ടോ അതോ ഇടയ്ക്ക പുറത്തേക്ക് പോകുന്നുണ്ടോ? അതോ ബാബയുടെ ഛത്രച്ഛായയാണോ അതോ മായയുടെ ഛത്രച്ഛായയാണോ. മായയുടെ നിഴലിൽ നിന്നും മുക്തമാകുന്നതിനുള്ള സാധനമാണ് ഛത്രച്ഛായ. അപ്പോൾ ഛത്രച്ഛായക്കുള്ളിലിരിക്കുന്ന

വർക്ക് എത്ര സന്തോഷമുണ്ടായിരിക്കും കാരണം നിശ്ചചിന്ത ചക്രവർത്തിയായില്ലേ. ചിന്തയുണ്ടെങ്കിൽ സന്തോഷം നഷ്ടപ്പെടുന്നു. എപ്പോഴെങ്കിലും നോക്കൂ സന്തോഷം നഷ്ടപ്പെടുമ്പോൾ അതിന്റെ കാരണമെന്തായിരിക്കും? ഏതെങ്കിലും ചിന്ത, ഭാരം, സന്തോഷത്തെ നഷ്ടപ്പെടുത്തുന്നു. സന്തോഷം നഷ്ടപ്പെട്ടു, ശക്തിഹീനമായിയെങ്കിൽ മായയുടെ നിഴലിന്റെ പ്രഭാവം ഉണ്ടാകുകയില്ല. ബലഹീനത മായയെ ആഹ്വാനം ചെയ്യുന്നു. ശാരീരികമായ കുറവുകൾ  രോഗങ്ങളെ ആഹ്വാനം ചെയ്യുന്നു അതേപോലെ ആത്മാവിന്റെ കുറവുകൾ മായയെ ആഹ്വാനം ചെയ്യുന്നു. പിന്നെ ആ നിഴലിൽ നിന്നും മുക്തരാകുന്നതിന് എത്രയോ പരിശ്രമിക്കേണ്ടി വരുന്നു. മായയുടെ നിഴൽ സ്വപ്നത്തിലെങ്കിലും പതിഞ്ഞുവെങ്കിൽ സ്വപ്നവും പരവശപ്പെടുത്തും. പിന്നെ ബ്രാഹ്മണനിൽ നിന്നും ക്ഷത്രിയരായി മാറുന്നു, പിന്നെ യുദ്ധം ചെയ്യേണ്ടി വരുന്നു. ക്ഷത്രിയരുടെ ജീവിതം പരിശ്രമത്തിന്റെ ജീവിതമാണ്, ബ്രാഹ്മണ ജീവിതം സന്തോഷത്തിന്റെയും. അപ്പോൾ എന്താണ് ഇഷ്ടം? ഇടയ്ക്കിടയ്ക്ക് യുദ്ധം ചെയ്യേണ്ടി വരുന്നോ? യുദ്ധം ചെയ്യാൻ ഇഷ്ടമാണോ? ചെറിയൊരു വ്യർത്ഥ സങ്കല്പത്തിന്റെ നിഴൽ എത്ര പരിശ്രമം ചെയ്യിക്കുന്നു അതിനാൽ സദാ ബാബയുടെ ഓർമ്മയുടെ ഛത്രച്ഛായയിലിരിക്കൂ. ഓർമ്മ തന്നെയാണ് ഛത്രച്ഛായ. അതിനാൽ സദാ കാലത്തേക്ക് ഛത്രച്ഛായയിലിരിക്കാൻ അറിയാമോ? ഇടയ്ക്കിടയ്ക്കല്ല, സദാ. അവിനാശിയായ ബാബയില്ലേ. അതിനാൽ സദാ കാലത്തെ സമ്പത്തും നേടണം. സദാ സന്തോഷത്തോടെയിരിക്കുന്നവർ. ഛത്രച്ഛായ അർത്ഥം സന്തോഷമായിരിക്കുക. നിശ്ചിന്തരല്ലേ. സർവ്വ ചിന്തകളും ബാബയ്ക്ക് നല്കിയോ അതോ ഒന്നോ രണ്ടോ എണ്ണം സൂക്ഷിച്ചു വച്ചിരിക്കുകയാണോ? എന്ത് ചെയ്യാം, ...എങ്ങനെ ചെയ്യാം.... ഈ ശബ്ദം ചിന്തയുടേതാണ്. നിശ്ചിന്തരായിരിക്കുന്നവരുടെ വാക്ക് സദാ വിജയത്തിന്റേതായിരിക്കും. എന്ത്, എങ്ങനെ എന്നുണ്ടാകില്ല. അതിനാൽ സദാ ഇത് ഓർമ്മിക്കൂ– നമ്മൾ സർവ്വരും ബാബയുടെ ഛത്രച്ഛായയിലിരിക്കുന്നവരാണ്. കറങ്ങുന്നവരല്ല. സങ്കല്പത്തിൽ പോലും കറക്കത്തിൽ വന്നുവെങ്കിൽ കറക്കത്തിൽവരുന്നവർ തവിട്പൊടിയായി മാറും. നിങ്ങൾ അമരൻമാരല്ലേ. അമരൻമായി– ഈ സ്മൃതി സദാ സ്വയവും നിശ്ചിന്തമാക്കുന്നു, മറ്റുള്ളവരെയും നിശ്ചിന്തമാക്കി കൊണ്ടിരിക്കുന്നു. സദാ സന്തോഷത്തിൽ ഈ ഗീതം പാടി കൊണ്ടിരിക്കും– നേടേണ്ടതെല്ലാം നേടി കഴിഞ്ഞു. കുട്ടിയാകുക അർത്ഥം പ്രാപ്തമാക്കുക. കുട്ടിയായി അർത്ഥം പ്രാപ്തമായി. ശരി.

## വരദാനം– സർവ്വ ആത്മീയ ഖജനാക്കളാലും സമ്പന്നരായി സദാ സന്തുഷ്ടരായിരിക്കുന്ന അൾറൗണ്ട് സേവാധാരിയായി ഭവിക്കട്ടെ.

ആൾറൗണ്ട് സേവാധാരി അർത്ഥം മാസ്റ്റർ സുഖ ദാതാവ്, മാസ്റ്റർ ശാന്തി ദാതാവ്, മാസ്റ്റർ ജ്ഞാന ദാതാവ്. ദാതാവ് സദാ സമ്പന്ന മൂർത്തായിരിക്കും. സ്വയം ഏതു പോലെയാണോ അതേ പോലെ മറ്റുള്ളവരെയും ആക്കും. ആത്മീയ സേവാധാരി അർത്ഥം എവർറെഡിയും ആൾറൗണ്ടും. സമ്പന്നരായവർക്കേ ആൾറൗണ്ടാകാൻ സാധിക്കൂ, സമ്പന്നമായവരേ സന്തുഷ്ടരായിരിക്കുകയുള്ളൂ, സർവ്വരെയും സന്തുഷ്ടമാക്കുകയുള്ളൂ. ഏതൊരു പ്രകാരത്തിലുമുള്ള അപ്രാപ്തി അസന്തുഷ്ടതയ്ക്ക് ജന്മം നല്കുന്നു. സന്തുഷ്ടമായിരിക്കുന്നതിനും സന്തുഷ്ടമാക്കുന്നതിനുമുള്ള വിധിയാണ് സമ്പന്നവും ദാതാവുമാകുക.

## സ്ലോഗൻ– ശുഭ ഭാവന, ശുഭ കാമനയുടെ സുവർണ്ണ ഉപഹാരം കൂടെയുണ്ടെങ്കിൽ ഏതൊരാത്മാവിനെയും പരിവർത്തനപ്പെടുത്താൻ സാധിക്കും.

**സൂചന–** ഇന്ന് മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ച്ചയാണ്, സർവ്വ രാജയോഗി തപസ്വി സഹോദരി സഹോദരൻമാർ  സന്ധ്യക്ക് 6.30 മുതൽ 7.30 വരെ വിശേഷ യോഗാഭ്യാസത്തിന്റെ സമയത്ത് അനുഭവം ചെയ്യണം– ജ്ഞാന സൂര്യനായ സർവ്വ ശക്തിവാനായ പരമാത്മാവിന്റെ കിരണങ്ങൾ എന്നിൽ പതിഞ്ഞു കൊണ്ടിരിക്കുന്നു, എന്നിലൂടെ മുഴുവൻ ലോകത്തിലേക്കും പ്രസരിച്ചു കൊണ്ടിരിക്കുന്നു, അതിലൂടെ മുഴുവൻ ലോകത്തിൽ നിന്നും അജ്ഞാന അന്ധകാരം ദൂരെയകന്നു കൊണ്ടിരിക്കുന്നു.